# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ജൂൺ 16**

---

## ബി.എഡ് ഏകജാലക പ്രവേശനം; രജിസ്ട്രേഷൻ ജൂൺ 20 വരെ

മഹാത്മാഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജുകളിൽ 2023 -24 അക്കാദമിക് വർഷത്തെ ബി.എഡ് ഒന്നാം സെമസ്റ്റർ ഏകജാലക പ്രവേശനത്തിന് ജൂൺ 20 വരെ ഓൺലൈനിൽ രജിസ്റ്റർ ചെയ്യാം. cap.mgu.ac.in വഴിയാണ് രജിസ്റ്റർ ചെയ്യേണ്ടത്.

എയ്ഡഡ് കോളേജുകളിലെ 70 ശതമാനം സീറ്റുകളിലേക്കും സ്വാശ്രയ പ്രോഗ്രാമുകളിലെ 50 ശതമാനം സീറ്റുകളിലേക്കുമാണ് പ്രവേശനം. എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി മെറിറ്റ് സീറ്റുകളിലേക്കും സ്പോർട്സ്, ഭിന്നശേഷി വിഭാഗങ്ങളിൽ സംവരണം ചെയ്ത സീറ്റുകളിലേക്കും ഏകജാലകം വഴി സർവകലാശാല തന്നെയാണ് പ്രവേശനം നടത്തുന്നത്.

മാനേജ്മെൻറ് ക്വാട്ടയിൽ പ്രവേശനം തേടുന്നവർ ഓൺലൈനിൽ രജിസ്റ്റർ ചെയ്ത് ക്യാപ് ഐ.ഡി കോളേജുകളിൽ സമർപ്പിക്കണം. മാനേജ്മെൻറ് ക്വാട്ടാ പ്രവേശനം അതത് കോളേജുകൾ തന്നെയായാണ് നടത്തുക. ഒന്നാം സെമസ്റ്റർ ക്ലാസുകൾ ജൂലൈ 19ന് ആരംഭിക്കും.

(പി.ആർ.ഒ/39/664/2023)

## ഡെപ്യൂട്ടി ഡയറക്ടർ; കരാർ നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സെൻറർ ഫോർ ഓൺലൈൻ എഡ്യുക്കേഷനിൽ(സി.ഒ.ഇ) ഇ-ലേണിംഗ് ആൻറ് ടെക്നിക്കൽ ഡെപ്യൂട്ടി ഡയറക്ടറുടെ താത്ക്കാലിക തസ്തികയിൽ കരാർ നിയമനത്തിന് ജൂൺ 21 വരെ അപേക്ഷിക്കാം. കരാർ കാലാവധി ഒരു വർഷമാമാണ്. പ്രവർത്തന മികവിൻറെ അടിസ്ഥാനത്തിൽ മൂന്നു വർഷം വരെ ദീർഘിപ്പിക്കാൻ സാധ്യതയുണ്ട്.

പൊതു വിഭാഗത്തിലെ ഒഴിവിൽ യു.ജി.സി ഒ.ഡി.എൽ/ഒ.എൽ റെഗുലേഷൻ 2020 പ്രകാരമുള്ള യോഗ്യതയുള്ളവരെയാണ് പരിഗണിക്കുന്നത്.

പ്രതിമാസ വേതനം സഞ്ചിത നിരക്കിൽ 60000 രൂപ. പ്രായപരിധി 2022 ജനുവരി ഒന്നിന് 65 വയസ് കവിയരുത്.

വിജ്ഞാപനത്തോടൊപ്പമുള്ള അപേക്ഷാഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം coe@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അയയ്ക്കണം.

കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/665/2023)

## <u>പ്രാക്ടിക്കൽ</u>

2023 മാർച്ചിൽ വിജ്ഞാപനം പുറപ്പെടുവിച്ച ഒന്നാം സെമസ്റ്റർ ബി.സി.എ, ബി.എസ്.സി കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (സി.ബി.സി.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറും റീഅപ്പിയറൻസും, 2017 മുതൽ 2020 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷയുടെ മാറ്റി വച്ച പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 19,20 തീയതികളിൽ എരുമേലി എം.ഇ.എസ് കോളജിലും ജൂൺ 19ന് മുരിക്കുംവയൽ ശ്രീ ശബരീശ കോളജിലും നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

.......................

2023 ഫെബ്രുവരിയിൽ വിജ്ഞാപനം പുറപ്പെടുവിച്ച ഒന്നാം സെമസ്റ്റർ ബി.എഫ്.റ്റി, ബി.എസ്.സി അപ്പാരൽ ആൻറ് ഫാഷൻ ഡിസൈൻ(സി.ബി.സി.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറും റീഅപ്പിയറൻസും, 2017 മുതൽ 2020 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 19 മുതൽ തുടങ്ങും. ടൈംടേബിൾ വെബ്സൈറ്റിൽ.

.......................

ഒന്നാം സെമസ്റ്റർ എം.എസ്.സി ഇലക്ട്രോണിക്സ് - മാർച്ച് 2023(സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 21 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ

(പി.ആർ.ഒ/39/666/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**